നം.ഇ.ഇ5/65805/2020/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തിയതി-25/05/2021.

## ചുറ്ററിയിപ്പ്

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- സ്ഥാനക്കയറ്റം വഴി സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്നത് - കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്-

സൂചന:- 1. ഇ.ഇ6/86370/2019/ആ.വ.ഡ, തിയതി-30/04/2021.
2. ഇ.ഇ5/11993/2020/ആ.വ.ഡ, തിയതി-17/05/2021.

..........

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്ഥാനക്കയറ്റം മുഖേന സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ അതാതു ജില്ലകളിൽ നിന്നും നിയമന ഉത്തരവ് ലഭിക്കുമ്പോൾ ജോലിയിൽ പ്രവേശിക്കാതെ മാതൃജില്ലയിൽത്തന്നെ നിലനിർത്തണമെന്നാവശ്യവുമായി, ജീവനക്കാർ നേരിട്ട് ടി ഓഫീസിലേക്കും, സർക്കാരിലേക്കും അപേക്ഷകൾ അയക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നിലവിലുള്ള സർവ്വീസ് പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

ആയതിനാൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിക്കുമ്പോൾ ജീവനക്കാർ അതാതു സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ആയതിനു ശേഷം ഉചിതമാർഗ്ഗേണ ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശ സഹിതം സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഉചിതമാർഗ്ഗേണ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളു.

പരാമർശത്തിലെ സൂചന-(1), (2) പ്രകാരം ഉദ്യോഗക്കയറ്റം വഴി നിയമനം ലഭിച്ച ജീവനക്കാർ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും നിയമനം ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെ വിവരങ്ങൾ അടിയന്തിരമായി അറിയിക്കണമെന്നും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുന്നു.

ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിക്കുന്ന മുറക്ക് സ്റ്റാഫ് നേഴ്സ് ഗ്രേഡ്-II തസ്തികയിലുള്ളവരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്.

ഒപ്പ്/-
ഡോ.ബിന്ദു മോഹൻ,
അഡീഷണൽ ഡയറക്ടർ(മെഡിക്കൽ).

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),
തിരുവനന്തപുരം/ കൊല്ലം/ പത്തനംതിട്ട/ ആലപ്പുഴ/ കോട്ടയം/
ഇടുക്കി/ എറണാകുളം/ തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട്/
വയനാട്/ കണ്ണൂർ/ കാസർഗോഡ്.

// അംഗീകാരത്തോടെ//

സൂപ്രണ്ട്.

സി.ആർ.എസ്-26/05/2021.(vSK)